GSTIN No: 32AAACT7596H2Z2

PRO/F106/CN/4552 09.03.2023

## ടെണ്ടർ നോട്ടീസ്

## കശുമാവ് നഴ്സറി- ഇ-ടെൻഡർ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെ പറയുന്ന എസ്റ്റേറ്റുകളിലായി 2023 സീസണിൽ 2 ലക്ഷം (2,00,000) കശുമാവ് ഗ്രാഫ്റ്റ് തൈകളുടെ നഴ്സറി ഉണ്ടാക്കുന്നതിനുള്ള ഇ-ദർഘാസ്സ്-ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

| എസ്റ്റേറ്റ് | തൈകളുടെ എണ്ണം (ഉദ്ദേശം) |
|---|---|
| കാസർഗോഡ് | 1 ലക്ഷം |
| ചീമേനി | 1 ലക്ഷം |

**വ്യവസ്ഥകൾ**

1. ഇ-ദർഘാസും, ദർഘാസും സമർപ്പിക്കേണ്ട അവസാന തീയതി 29.03.2023.ന് 10.30 AM വരെയാണ്. തുടർന്ന് അന്നേദിവസം 11.00 AM-ന് ഹാജരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ദർഘാസ്സുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽവെച്ച് തുറക്കുന്നതാണ്. ഇ-ദർഘാസ്സുകൾ പിസികെ ഹെഡോഫീസിൽവെച്ച് തുറക്കുന്നതുമാണ്. ഇ-ദർഘാസ്സ് തുറക്കുന്ന തീയതി 30.03.2023-ന് 11.00 AM ആണ്. ടെണ്ടർ തുറന്നതിനുശേഷം നെഗോസിയേഷൻ ഉണ്ടായിരിക്കുന്നതല്ല. തുടർന്ന് രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | എസ്റ്റേറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ജസ്റ്റസ് കരുണ രാജൻ | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 0481-2578301-04 |
| പി.എം.ഇസ്മയിൽ | മാനേജർ | കാസർഗോഡ് | 0499-4250223, 9446076738,9496076070 |
| എം.റ്റി.സിബി | മാനേജർ | ചീമേനി | 0467-2250323 9496076063,9846452777 |

2. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സാധാരണ ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

3. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക.

4. ഇ-ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 105-രൂപ ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ തുറക്കുന്നതിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഇ-ടെണ്ടർ/ സാധാരണ ടെണ്ടർ മുഖാന്തിരം പങ്കെടുക്കുന്നവർ ഓരോ എസ്റ്റേറ്റിനും പ്രത്യേകം പ്രത്യേകം ടെണ്ടർ നിരതദ്രവ്യമായി 5,000 രൂപ വീതം കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.

5. ദർഘാസ്സ് നമ്പർ, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ ദർഘാസ് വ്യവസ്ഥകളിൽ ഒപ്പ് രേഖപ്പെടുത്തി, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികളും, ടെണ്ടർ നിരതദ്രവ്യം അടച്ച D.D.-യും സഹിതം ടെൻഡർ തുറക്കുന്ന ദിവസം 10.30 AM-ന് മുൻപായി മുൻപായി അതാത് എസ്റ്റേറ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

6. ഇ-ദർഘാസിലൂടെയോ, സാധാരണ ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

7. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

8. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

9. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം രാവിലെ 10.30-ന് നടത്തുന്നതായിരിക്കും.

10. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അതികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.

11. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

12. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).

13. കോർപ്പറേഷൻ നൽകുന്ന കൂടകളിൽ മണ്ണ് നിറച്ച് വിത്തു പാകി മുളപ്പിച്ച് വളർത്തി ഗ്രാഫ്റ്റ് ചെയ്ത് പിടിപ്പിച്ച് നല്ല ഗുണ നിലവാരത്തിലുള്ള തൈകൾ ഉണ്ടാക്കി തരുന്നതിന് തൈ ഒന്നിന് കോർപ്പറേഷൻ നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.

14. കൂട, കൂടയിൽ നിറയ്ക്കാനുള്ള മണ്ണ്, വിത്തണ്ടി, ഗ്രാഫ്റ്റിങ്ങിന് വേണ്ട സാമഗ്രികൾ, തണൽ കൊടുക്കാൻ ആവശ്യമായ എല്ലാ വസ്തുക്കളും കോർപ്പറേഷൻ നല്കുന്നതാണ്.

15. ഗ്രാഫ്റ്റിങ്ങിനാവശ്യമായ സയൺ കോർപ്പറേഷന്റെ തോട്ടങ്ങളിൽനിന്നും ലഭ്യമാക്കുന്നതും, ആയത് ലഭ്യമാകുന്ന തോട്ടങ്ങളിൽ നിന്നും കരാറുകാരൻ

സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ശേഖരിച്ചു കൊണ്ടുപോകേണ്ടതുമാണ്.

16. മേൽ ജോലികൾക്ക് ആവശ്യമുള്ളതായ എല്ലാ സാധനങ്ങളും കരാറുകാരൻ മുൻകൂട്ടി കോർപ്പറേഷനെ അറിയിക്കേണ്ടതും രേഖാമൂലം അപേക്ഷ നൽകി വാങ്ങേണ്ടതുമാണ്.

17. കരാർ തീയ്യതി മുതൽ കശുമാവ് തൈ സംരക്ഷിക്കുന്നതിനുള്ള എല്ലാ പ്രവർത്തികളും കരാറുകാരൻ യഥാസമയം ചെയ്ത് തീർക്കേണ്ടതാണ്.

18. മേൽപ്പറഞ്ഞ എല്ലാ ജോലികളുടെയും നടത്തിപ്പും മേൽനോട്ടവും കരാറുകാരൻ നടത്തേണ്ടതാണ്.

19. കരാറുകാരന്റെ സ്വന്തം ചെലവിൽ ജോലിക്കാർ, പണിയായുധങ്ങൾ, യന്ത്രങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.

20. ടെണ്ടർ ഉറപ്പിച്ച് കിട്ടുന്ന ആൾ അറിയിപ്പ് ലഭിച്ച് 3 ദിവസത്തിനകം 10% വരുന്ന തുക സെക്യൂരിറ്റിയായി കെട്ടി വെച്ച് 200 രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വെച്ച് ജോലികൾ ആരംഭിക്കേണ്ടതും 120 ദിവസങ്ങൾക്കകം ജോലികൾ പൂർത്തിയാക്കേണ്ടതുമാണ്.

21. കരാർ പ്രകാരമുള്ള പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തിയാൽ, വീഴ്ചവരുത്തുന്ന പക്ഷം ഓരോ 7 ദിവസത്തിനും കരാറുകാരനിൽ നിന്നും കരാർ തുകയുടെ ½% വരുന്ന തുക ഈടാക്കി പരമാവധി 15 ദിവസം വരെ കാലാവധി നീട്ടി നൽകുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുടർന്നും ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുന്നതാകയാൽ കരാർ റദ്ദുചെയ്യുന്നതിനും, ടിയാൻ അടച്ചിട്ടുള്ള എല്ലാ സംഖ്യകളും, കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതാണ്.

22. കരാറുകാരൻ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ കരാറിൽ നിന്നും പിൻമാറുകയോ യഥാസമയം ജോലികൾ പൂർത്തിയാക്കാതിരിക്കുകയയോ ചെയ്താൽ കരാർ റദ്ദാക്കി സെക്യൂരിറ്റി തുക കണ്ടു കെട്ടുന്നതും, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റേതെങ്കിലും മാർഗേന ടി കരാർ പ്രകാരമുള്ള ജോലികൾ കോർപ്പറേഷൻ പൂർത്തിയാക്കു ന്നതും അതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന നഷ്ടവും മറ്റ് ചിലവുകളും കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

23. വിജയകരമായ ഉന്നത ഗുണനിലവാരത്തിലുള്ളതായ 2 ലക്ഷം (2,00,000) തൈകളാണ് കോർപ്പറേഷന് ഉണ്ടാക്കി തരേണ്ടത്. കൂടകളിൽ മണ്ണ് നിറച്ച വിത്ത് പാകിയാൽ 20 ശതമാനവും, മുളച്ച ചെടി ഗ്രാഫ്റ്റിംഗിന് പരുവമാകുമ്പോൾ 20 ശതമാനവും തുക പാർട്ട് ബിൽ ആയും 50 ശതമാനം ഗ്രാഫ്റ്റിങ് വർക്ക് കഴിഞ്ഞാൽ 30 ശതമാനം പാർട്ട് ബില്ലും നൽകുന്നതാണ്.

24. ഫൈനൽ പേമെന്റ് മാനേജിംഗ് ഡയറക്ടറുടെ തീരുമാനത്തിനു വിധേയമായി നൽകു ന്നതായിരിക്കും.

25. അതാത് എസ്റ്റേറ്റുകളിൽ ഉണ്ടാക്കേണ്ട തൈകളുടെ എണ്ണത്തിൽ കോർപ്പറേഷന്റെ താല്പര്യത്തിനനുസൃതമായ മാറ്റങ്ങൾ ഉണ്ടാകാവുന്നതാണ്. ടി പ്രവർത്തിയുടെ പ്രതിഫലം അംഗീകരിച്ച അതെ നിരക്കിൽ തന്നെ നൽകുന്നതുമാണ്.

Sd/-

മാനേജിങ്ങ് ഡയറക്ടർ

**<u>പ്രഖ്യാപനം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: